## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4838

01/07/2013ൽ മറുപടി നൽകേണ്ടിയിരുന്നത്

# കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി. എന്നിവയിലേക്ക് നടന്ന പി.എസ്.സി. പരീക്ഷകൾ

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) 8.6.2013-ന് കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി. തുടങ്ങിയ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്ക് നടന്ന പി.എസ്.സി. പരീക്ഷ കാസർഗോഡ് ജില്ലയിൽ തടസ്സപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് ; | (ബി) പ്രസ്തുത പരീക്ഷയുടെ ചോദ്യ പേപ്പറിൽ മലയാള ഭാഷയിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയതിൽ പ്രതിഷേധിച്ച് ഒരു രാഷ്ട്രീയ സംഘടന പരീക്ഷാ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയതിനാൽ, 08.06.2013-ൽ നടത്തുവാൻ നിശ്ചയിച്ച KSFE/KSEB മുതലായവയിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ മുതലായ തസ്തികകളിലേയ്ക്കുള്ള ഒബ്ജക്ടീവ് പരീക്ഷ കാസർഗോഡ് ജില്ലയിൽ മാത്രം നടത്തുവാൻ സാധിച്ചിട്ടില്ല. |
| (സി) ഇതിനുള്ള കാരണം പരിശോധിച്ച് വീണ്ടും പരീക്ഷ നടത്തുവാൻ നടപടി സ്വീകരിക്കുമോ ? | (സി) പ്രസ്തുത പരീക്ഷ, കാസർഗോഡ് ജില്ലയിലേയ്ക്ക് മാത്രമായി വീണ്ടും നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ